പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 250

01.12.2014 ൽ മറുപടിയ്ക്ക്

# കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗത്തിലെ സംഘർഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) 18.08.2014 ന് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗത്തിൽ ചേരിതിരിഞ്ഞുണ്ടായ സംഘട്ടനത്തിൽ പരിക്കേറ്റവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 4 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.<br>(1) ഡോ. അബ്ദുൾ സലാം, വൈസ് ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി<br>(2) ശ്രീ. രവീന്ദ്രനാഥ്, പ്രൊ.വൈസ് ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി<br>(3) അഡ്വ. സി.എം. നിയാസ്, സിൻഡിക്കേറ്റ് മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (4) ശ്രീ.പി.എം. സലാഹുദ്ദീൻ, സിൻഡിക്കേറ്റ് മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി |
| (ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ചേരിതിരിഞ്ഞ് സംഘട്ടനം നടത്തിയ സിൻഡിക്കേറ്റ് അംഗങ്ങൾ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (1) തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 510/2014 u/s 294 (B), 323, 341 r/w 34 IPC പ്രകാരം ഡോ. അബ്ദുൾ സലാം, വൈസ് ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നയാളുടെ പരാതി പ്രകാരം അഡ്വ. സി.എം. നിയാസ്, സിൻഡിക്കേറ്റ് മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (കോൺഗ്രസ്സ്), ശ്രീ.പി.എം. സലാഹുദ്ദീൻ, സിൻഡിക്കേറ്റ് മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (മുസ്ലീം ലീഗ്) എന്നിവരെ പ്രതികളാക്കി രജിസ്റ്റർ ചെയ്ത കേസാണ്. (2) തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ |

| | | | |
|---|---|---|---|
| | | | 511/2014 u/s 341, 323, 324 r/w 34 IPC പ്രകാരം ശ്രീ.പി.എം. സലാഹുദ്ദീൻ, സിൻഡിക്കേറ്റ് മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നയാളുടെ പരാതി പ്രകാരം (1) ഡോ. അബ്ദുൾ സലാം, വൈസ് ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (2) ശ്രീ. രവീന്ദ്രനാഥ്, പ്രൊ.വൈസ് ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവരെ പ്രതികളാക്കി മറ്റൊരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | സിൻഡിക്കേറ്റ് യോഗത്തിൽ സംഘട്ടനത്തിൽ കലാശിച്ച തർക്കം എന്തായിരുന്നുവെന്ന് വിശദമാക്കുമോ ; | (സി) | കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സ്വയം മിനിട്സ് തിരുത്തി എന്ന ആരോപണമാണ് സംഭവത്തിന് കാരണമെന്ന് അറിവായിട്ടുണ്ട്. |
| (ഡി | പ്രസ്തുത സംഭവത്തെ തുടർന്ന് വൈസ്ചാൻസലർക്കോ സിൻഡിക്കേറ്റ് അംഗങ്ങൾക്കോ എതിരെ എന്തെങ്കിലും ശിക്ഷാ നടപടി സ്വീകരിക്കുകയുണ്ടായോ ? | (ഡി) | വൈസ് ചാൻസലർക്കും സിൻഡിക്കേറ്റംഗങ്ങൾക്കും എതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ